# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

പത്രക്കുറിപ്പ്

# ബിരുദ പ്രവേശനം 2026–27: എഡിറ്റ് സൗകര്യം ജൂലൈ 6 മുതൽ 7 വരെ

2026–27 അധ്യയന വർഷത്തെ കാലിക്കറ്റ് സർവകലാശാല ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് **2026 ജൂലൈ 6 മുതൽ ജൂലൈ 7 വരെ** ഓൺലൈനായി അപേക്ഷ എഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

എഡിറ്റ് സൗകര്യം താഴെപ്പറയുന്ന വിഭാഗം വിദ്യാർത്ഥികൾക്ക് ലഭ്യമാകും:

**1. ഉയർന്ന ഓപ് ഷനുകൾ നിലനിർത്തിയിട്ടുള്ള വിദ്യാർത്ഥികൾ**

- കോളേജ്/പ്രോഗ്രാം ഓപ് ഷനുകൾ പുനഃക്രമീകരിക്കാം.
- അനുവദനീയമായ വ്യക്തിഗത, വിദ്യാഭ്യാസ വിവരങ്ങൾ തിരുത്താം.

**2. നിർബന്ധിത ഫീസ് (Mandatory Fee) അടയ്ക്കാതിരിക്കുകയോ നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാതിരിക്കുകയോ ചെയ്തതിനാൽ പ്രവേശന നടപടികളിൽ നിന്ന് പുറത്തായ വിദ്യാർത്ഥികൾ**

- അപേക്ഷയിലെ അനുവദനീയമായ എല്ലാ വിവരങ്ങളും തിരുത്താം.
- പുതിയ കോളേജ്/പ്രോഗ്രാം ഓപ് ഷനുകൾ ചേർക്കാനും നിലവിലുള്ള ഓപ് ഷനുകൾ പുനഃക്രമീകരിക്കാനും സൗകര്യമുണ്ടായിരിക്കും.

**ഒന്നാം ഓപ് ഷനിൽ അലോട്ട്മെന്റ് ലഭിച്ച് സ്ഥിരപ്രവേശനം നേടിയവർക്കും ഹയർ ഓപ് ഷൻ ക്യാൻസൽ ചെയ്ത വിദ്യാർത്ഥികൾക്ക് എഡിറ്റ് സൗകര്യം ലഭ്യമല്ല.**

എഡിറ്റ് ചെയ്ത ശേഷം അപേക്ഷ **നിർബന്ധമായും Final Submit** ചെയ്യണം. അല്ലാത്തപക്ഷം, മുമ്പ് Final Submit ചെയ്ത അപേക്ഷയായിരിക്കും തുടർ അലോട്ട്മെന്റുകൾക്കായി പരിഗണിക്കുക.

വിദ്യാർത്ഥികൾ എഡിറ്റ് സൗകര്യം ലഭ്യമായ കാലയളവിനുള്ളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അപേക്ഷ Final Submit ചെയ്യണമെന്ന് അറിയിക്കുന്നു.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
06.07.2026